# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4291 17.05.2017 ൽ മറുപടിയ്ക്ക്

## ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ സൃഷ്ടിച്ച അരക്ഷിതാവസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും കൊലപാതകങ്ങളും പൊതുജനങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും കൊലപാതകങ്ങളും വ്യാപകമല്ല. എന്നിരുന്നാലും ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുമൂലം പൊതുജനങ്ങൾക്ക് അരക്ഷിതാവസ്ഥ ഉണ്ടായിട്ടില്ലാത്തതാണ്. പൊതുജനങ്ങളുടെ സ്വൈര ജീവിതത്തേയും സുരക്ഷയേയും മുൻ നിർത്തി ഗുണ്ടാ പ്രവർത്തനങ്ങളെ തടയുവാനും അമർച്ച ചെയ്യുവാനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം സംഘട്ടനങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; | (ബി) | 2 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ക്രമസമാധാനം പരിപാലിക്കുന്നതിൽ പോലീസ് പരാജയപ്പെട്ടതാണ് ഈ സ്ഥിതിവിശേഷത്തിന് കാരണമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങളുടെ ആവർത്തനം തടയുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | ക്രമസമാധാനം പരിപാലിക്കുന്നതിൽ പോലീസിന് വീഴ്ച വന്നിട്ടില്ല. സംസ്ഥാനത്ത് ശക്തമായ പോലീസ് സംവിധാനം നിലവിലുള്ളതും പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ വഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി വരുന്നതും, സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു കൊണ്ട് ക്രമസമാധാന പാലനം നടത്തി വരുന്നതുമാണ്. പോലീസ് സംവിധാനം ശക്തമായതിനാലാണ് സംസ്ഥാനത്ത് ഭദ്രമായ ക്രമസമാധാനനില സംജാതമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.